"ഭരണഭാഷ മാതൃഭാഷ"

കേരളസർക്കാർ

പൊതുഭരണ (ഏകോപനം) വകുപ്പ്

സി.ഡി.എൻ.5/7/19/പൊഭവ തിരുവനന്തപുരം, തീയതി: 12.06.2019.

## സർക്കുലർ

വിഷയം:- സംസ്ഥാന വിവരാവകാശ കമ്മീഷനുമായുള്ള കത്തിടപാടുകൾ ഇ-മെയിൽ മുഖാന്തരം നടത്തണമെന്ന് സ്റ്റേറ്റ് പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസർക്കും/ അപ്പീൽ അധികാരികൾക്കും നിർദ്ദേശം നൽകുന്നത് - സംബന്ധിച്ച്

സൂചന:- 27.12.2018 ലെ സംസ്ഥാന വിവരാവകാശ കമ്മീഷന്റെ 14226/G8-Admn/2018/SIC നമ്പർ കത്ത്

സംസ്ഥാന വിവരാവകാശ കമ്മീഷൻ, അപ്പീൽ അപേക്ഷ/പരാതികളിന്മേലുള്ള റിപ്പോർട്ട് എന്നിവ ആവശ്യപ്പെട്ടുകൊണ്ട് സ്റ്റേറ്റ് പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസർ/അപ്പീൽ അധികാരികൾക്ക് തപാൽ സംവിധാനം വഴി കത്തുകൾ അയക്കുന്നത് കമ്മീഷന് സാമ്പത്തിക ഭാരം സൃഷ്ടിക്കുന്നതിനോടൊപ്പം തന്നെ, നിരവധി സ്റ്റേറ്റ് പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസർമാർ കമ്മീഷനിൽ നിന്ന് അയക്കുന്ന കത്തുകൾ സമയബന്ധിതമായി ലഭ്യമാകുന്നില്ല എന്ന പരാതി ഉന്നയിക്കുന്നുവെന്നും ആയതിനാൽ വിവരാവകാശ കമ്മീഷനുമായുള്ള എല്ലാ ആശയ വിനിമയങ്ങളും ഇ-മെയിൽ മുഖാന്തരം നടത്തുന്നതിന് സ്റ്റേറ്റ് പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസർമാർക്കും/അപ്പീൽ അധികാരികൾക്കും നിർദ്ദേശം നൽകണമെന്ന് സൂചന പ്രകാരം കമ്മീഷൻ ആവശ്യപ്പെട്ടിരുന്നു.

PCCF (WL) & CWW

വിവരാവകാശ കമ്മീഷനുമായി ബന്ധപ്പെട്ട എല്ലാ ആശയ വിനിമയങ്ങളും ഇ-മെയിൽ മുഖാന്തരം നടത്തുന്നത് വിവരാവകാശം സംബന്ധിച്ച അപ്പീലുകളും, പരാതികളും കമ്മീഷന് ദ്രുതഗതിയിൽ തീർപ്പാക്കാൻ സഹായകരമാകുമെന്നതിനാൽ സംസ്ഥാനത്തെ എല്ലാ സ്റ്റേറ്റ് പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസർമാരും ഇതോടൊപ്പം ചേർത്തിരിക്കുന്ന പ്രൊഫോർമയിൽ വിവരങ്ങൾ രേഖപ്പെടുത്തി സംസ്ഥാന ഐ.റ്റി മിഷനുമായി ബന്ധപ്പെട്ട് **"spio<officename>@domain name"** എന്ന മാതൃകയിൽ ഇ-മെയിൽ വിലാസം രൂപികരിക്കേണ്ടതാണ്. സ്റ്റേറ്റ് പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസർമാരും, അപ്പീൽ അധികാരികളും വിവരാവകാശ കമ്മീഷനുമായുള്ള എല്ലാ കത്തിടപാടുകളും മേൽ പ്രസ്താവിച്ച രീതിയിൽ രൂപികരിച്ച ഇ-മെയിൽ വിലാസം വഴി നടത്തേണ്ടതാണെന്നും, കൂടാതെ എല്ലാ വകുപ്പുമേധാവികളും, അവരവരുടെ കീഴിലുള്ള ഓഫീസുകളിലെ സ്റ്റേറ്റ് പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസർമാർ/അപ്പീൽ അധികാരികൾ ഇത്തരത്തിൽ രൂപീകരിച്ച ഇ-മെയിൽ വിലാസം സമാഹരിച്ച് സംസ്ഥാന വിവരാവകാശ കമ്മീഷനെ അറിയിക്കേണ്ടതുമാണെന്നും നിർദ്ദേശിക്കുന്നു.

| Sl. No. | Fist Name | Last name | Designation | Dept. | Office Name | Mob. No | Date of Retirement (dd-mm-yy) | Preferred e-mail ID (Max.20 characters ) | Preferred e-mail address (max. 30 Characters) | Date of Birth (dd-mm-yy) |
|---|---|---|---|---|---|---|---|---|---|---|
| | | | | | | | | | | |

**എം.ജി.രഞ്ജിത് കുമാർ**

അഡീഷണൽ സെക്രട്ടറി

സെക്രട്ടറി, സംസ്ഥാന വിവരാവകാശ കമ്മീഷൻ, തിരുവനന്തപുരം.

എല്ലാ വകുപ്പ് തലവന്മാർക്കും.

എല്ലാ ജില്ലാ കലക്ടർമാർക്കും.

സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും.

സെക്രട്ടറി, നിയമസഭ സെക്രട്ടേറിയറ്റ്, തിരുവനന്തപുരം

എല്ലാ പൊതുമേഖലാ സ്ഥാപനങ്ങൾക്കും.
സംസ്ഥാന പോലീസ് മേധാവി, തിരുവനന്തപുരം.
ഡയറക്ടർ, കായിക, യുവജനക്ഷേമ വകുപ്പ്, തിരുവനന്തപുരം.
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം.
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം
അഡ്വക്കേറ്റ് ജനറൽ, എറണാകുളം
ഗവർണറുടെ സെക്രട്ടറി, രാജ്ഭവൻ, തിരുവനന്തപുരം
രജിസ്ട്രാർ, കേരള /കൊച്ചി/കോഴിക്കോട്/മഹാത്മാ ഗാന്ധി/കണ്ണൂർ സർവ്വകലാശാലകൾ.
രജിസ്ട്രാർ, കേരള കാർഷിക സർവ്വകലാശാല, മണ്ണുത്തി, തൃശ്ശൂർ.
രജിസ്ട്രാർ, ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി, ആലുവ.
രജിസ്ട്രാർ, തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവ്വകലാശാല, തിരൂർ, മലപ്പുറം, 676502.
രജിസ്ട്രാർ, കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസ് യൂണിവേഴ്സിറ്റി, പൂക്കോട്, വയനാട്.
കേരള കാർഷിക സർവ്വകലാശാല ക്യാമ്പസ്, വെള്ളാനിക്കര, തൃശ്ശൂർ, 680656
രജിസ്ട്രാർ, കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് ആന്റ് അലൈഡ് സയൻസസ്, മെഡിക്കൽ കോളേജ് പി.ഒ, തൃശ്ശൂർ, 680596.
രജിസ്ട്രാർ, കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആന്റ് ഓഷൻ സ്റ്റഡീസ്, പനങ്ങാട്, കൊച്ചി.
രജിസ്ട്രാർ, APJ അബ്ദുൾകലാം സാങ്കേതിക സർവ്വകലാശാല. CET ക്യാമ്പസ്, തിരുവനന്തപുരം.
രജിസ്ട്രാർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ, വഞ്ചിയൂർ, തിരുവനന്തപുരം.
സെക്രട്ടറി, കേരള സംസ്ഥാന വൈദ്യുതി ബോർഡ്, തിരുവനന്തപുരം.
മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന റോഡ് ഗതാഗത കോർപ്പറേഷൻ, തിരുവനന്തപുരം.
ചീഫ് സെക്രട്ടറിയുടെ സ്പെഷ്യൽ സെക്രട്ടറിയ്ക്ക്.
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
(മാധ്യമങ്ങളിലൂടെ വ്യാപകമായി പ്രചരണം നൽകുന്നതിനായി)
വെബ് ആന്റ് ന്യൂ മീഡിയ (ഗവൺമെന്റ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി).
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ